**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **20-06-2024 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2024-2025 അക്കാദമിക വർഷത്തോടെ സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സുകൾ യൂണിവേഴ്സിറ്റികളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാലു വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു . |
| (ബി) | ഇതുവഴി ഉന്നതവിദ്യാഭ്യാസ രംഗത്ത് എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം.<br><br>ഉന്നത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്ക് സ്വാതന്ത്ര്യമായി മുന്നേറാനുള്ള അവസരമാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്. ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (knowledge, skill, aptitude) എന്നിവ ഉറപ്പുവരുത്തുക എന്നതിനാണ് പ്രാധാന്യം. വിദ്യാർത്ഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠനരീതികൾ അവലംബിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു. ക്ലാസ്സ് മുറിക്കും ലാബിനും പുറമേ, ഫീൽഡ് വിസിറ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ്, അഭിമുഖങ്ങൾ, ഗ്രൂപ്പ് ഡിസ്കഷനുകൾ, അവതരണങ്ങൾ, ഡോക്യുമെൻറേഷൻ, വീഡിയോ പ്രസൻറേഷൻ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയ പ്രായോഗിക പരിശീലനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ശാസ്ത്ര വിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയങ്ങൾക്കും പ്രാക്ടിക്കലും നൽകിയിട്ടുണ്ട്.<br><br>അതത് വിഷയങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാക്ടിക്കൽ നൽകാൻ അധ്യാപകർക്ക് സ്വാതന്ത്ര്യം |

| | | | |
|---|---|---|---|
| | | | നൽകുന്നു.<br><br>അതുകൊണ്ടുതന്നെ, കേവലം ഘടനാപരമോ സാങ്കേതികമോ ആയ മാറ്റം എന്നതിനപ്പുറത്തേക്ക് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന ചുവടുവെയ്പ്പായാണ് ഇതിനെ കാണേണ്ടത്. പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രീകൃതമായ, വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നൽകിയും തങ്ങൾക്ക് താല്പര്യമുള്ള മേഖലകളിൽ കരിയർ കണ്ടെത്താനും വിദ്യാർത്ഥികളെ മികച്ച സാമൂഹിക ജീവികളാക്കി വാർത്തെടുക്കുന്നതിനും ഉതകുന്ന തരത്തിലുമാണ് നാലുവർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുമെന്ന് കരുതുന്നു.<br><br>കൂടാതെ , സർവകലാശാല കാമ്പസുകളിൽ ബിരുദപഠനം ആരംഭിക്കുന്നത് ഓണേഴ്സ് വിത്ത് റിസർച്ച് കോഴ്സുകളുടെ മൂല്യം വർധിക്കുന്നതിന് സഹായകമാകും എന്ന് കരുതുന്നു . |

സെക്ഷൻ ഓഫീസർ